GREGORIAN NEWS
THE OFFICIAL NEWS SITE OF PARUMALA SEMINARY
Email: editor@gregoriannews.com , Phone : +91 9605004326

## കൂനൻ കുരിശു സത്യം: ഭാരതത്തിലെ ആദ്യത്തെ സ്വാതന്ത്ര്യ പ്രഖ്യാപനം (1653 ജനുവരി 3)

March 15, 2013

കർതൃശിഷ്യനായ വി.തോമാശ്ളീഹായാൽ അഉ 52-ൽ സ്ഥാപിതമായ മലങ്കര സഭ ആ മഹത്തായ ശ്ളൈഹീക പാരമ്പര്യത്തിൽ അടിയുറച്ച് ഏക സഭയായി വളർന്നു വന്നു. വി.തോമാശ്ളീഹായിൽ നിന്നും കൈവയ്പ്പ് ലഭിച്ച ശ്രേഷ്ഠ പിതാക്കന്മാരോടൊപ്പം പിന്നീട് 4-ാം നൂറ്റാണ്ടോടുകൂടി പേർഷ്യൻ സഭയിൽ നിന്നും കാലാകാലങ്ങളിൽ കടന്നുവന്ന മെത്രാന്മാരും മലങ്കര സഭയുടെ വളർച്ചയിൽ കൈത്താങ്ങായി നിലനിന്നു. മലങ്കര സഭാ തലവൻമാരായിരുന്ന പിതാക്കൻമാരെ ജാതിക്ക് തലവൻ അഥവാ "അർക്കദ്യാക്കോൻ" എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അർക്കദ്യാക്കോന്റെ പിന്നിൽ മലങ്കര സഭാമക്കൾ ഏക മനസ്സോടെ നിലനിന്നു. വൈദികനായിരുന്ന അർക്കദ്യാക്കോനോടൊപ്പം തദ്ദേശീയരായ മെത്രാന്മാർ വാഴിക്കപ്പെട്ടിട്ടില്ലാതിരുന്നതിനാൽ മെത്രാനടുത്ത ആത്മീയ കാര്യങ്ങൾക്ക് പേർഷ്യൻ മെത്രാന്മാർ നേതൃത്വം നൽകി വന്നു. എന്നാൽ മലങ്കര സഭയുടെ ആഭ്യന്തര ഭരണ കാര്യങ്ങളിൽ ഇവർ ഇടപെട്ടിരുന്നില്ല.

ഭാരതീയ പൈതൃകത്തിൽ നിലനിന്ന് തദ്ദേശീയമായി വികാസം പ്രാപിച്ച് പേർഷ്യൻ (പൌരസ്ത്യ) സഭയുമായി താദാത്മ്യം പ്രാപിച്ച ഏകവും വിശുദ്ധവും കാതോലികവും ശ്ളൈഹീകവുമായ വിശ്വാസം പേറുന്ന മലങ്കര സഭ, 16-ാം നൂറ്റാണ്ടോടുകൂടി ഭാരതത്തിൽ വന്നു ചേർന്ന റോമൻ കത്തോലിക്കാ മിഷനറിമാർക്ക് ഒരു അദ്ഭുതമായി തോന്നി. യൂറോപ്പിനു പുറത്ത് ക്രിസ്ത്യാനികളില്ലെന്നും പൌരസ്ത്യ ദേശത്തെ ക്രിസ്തുമത പ്രചാരണം തങ്ങളുടെ ഉത്തരവാദിത്വമാണെന്നും കരുതി എത്തിയവരായിരുന്നു ഇവർ. പൌരസ്ത്യ ദർശനത്തിൽ നിലനിന്ന മലങ്കര സഭയെ തങ്ങളുടെ കീഴിൽ കൊണ്ടുവരുവാനുള്ള റോമൻ കത്തോലിക്കാ മിഷനറിമാരുടെ പരിശ്രമങ്ങളെ മലങ്കര സഭ ഒന്നടങ്കം പ്രതിരോധിച്ചു. എന്നാൽ ഇന്ത്യയിലെ പോർച്ചുഗീസ് അധികാരികളുടെയും അവരുടെ സൈനിക മേധാവിത്വത്തിൻ കീഴിൽ സ്വാതന്ത്ര്യം നഷ്ടപ്പെട്ടു പോയ നാട്ടുരാജാക്കന്മാരുടെയും ഭീഷണിയുടെ മധ്യത്തിൽ മലങ്കര സഭയുടെ പ്രതിരോധം തകർന്നു. ഇതിന്റെ പരിണിത ഫലമായിരുന്നു 1599 ൽ കൂടിയ കുപ്രസിദ്ധമായ ഉദയംപേരൂർ സുന്നഹദോസ.് ഗോവയിലെ റോമൻ കത്തോലിക്കാ ആർച്ച് ബിഷപ്പായിരുന്ന അലക്സിസ് ഡി മെനസിസിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ഈ യോഗം അന്നത്തെ അർക്കദ്യാക്കോനെ കാഴ്ചക്കാരനാക്കിക്കൊണ്ട് മലങ്കര സഭ അന്നു വരെ പിന്തുടർന്നു വന്ന പാരമ്പര്യങ്ങളെ അധികാരത്തിന്റെ ഹുങ്ക് ഉപയോഗിച്ച് അവസാനിപ്പിക്കുവാൻ പരിശ്രമിച്ചു. പേർഷ്യൻ

മെത്രാന്മാരെ തടയുകയും മലങ്കര സഭയുടെ പേർഷ്യൻ ബന്ധം നിർത്തലാക്കുകയും പൌരസ്ത്യ സുറിയാനി പാരമ്പര്യവും ക്രമവും അവസാനിപ്പിച്ച് മലങ്കര സഭയെ ഉദയംപേരൂർ യോഗത്തിലൂടെ ലത്തീൻവത്കരിക്കുവാൻ ശ്രമിച്ചു. ബാബിലോണിലെ കാതോലിക്കായ്ക്കു പകരം മലങ്കര സഭയെ റോമിലെ പോപ്പിന്റെ കീഴിലാക്കി. ഇതോടെ 16 നൂറ്റാണ്ടിന്റെ പാരമ്പര്യം ഉണ്ടായിരുന്ന മലങ്കര സഭയുടെ അസ്ഥിത്വം ചോദ്യം ചെയ്യപ്പെട്ടു.

സ്വാതന്ത്ര്യദാഹികളും വിശ്വാസ ദൃഢഗാത്രരുമായ മലങ്കര സഭാ മക്കൾ തങ്ങൾ അകപ്പെട്ട കൂട്ടിൽ നിന്ന് രക്ഷ പ്രാപിക്കുവാൻ കഠിനമായി പരിശ്രമിച്ചു. ഇതിനിടെ മലങ്കര സഭാമക്കളെ ധൈര്യപ്പെടുത്തുവാൻ മലങ്കരയിലേക്ക് വന്ന മാർ അഹത്തുള്ളാ എന്ന വിദേശ മെത്രാനെ പോർച്ചുഗീസുകാർ യാത്രാമദ്ധ്യേ തടവിലാക്കി. മെത്രാനെ സ്വീകരിക്കുവാൻ കൊച്ചിയിൽ എത്തിയ മലങ്കര സഭാ മക്കളുടെ ഇടയിൽ മാർ അഹത്തുള്ളാ മെത്രാനെ പോർച്ചുഗീസുകാർ കൊച്ചി കായലിൽ കെട്ടി താഴ്ത്തി കൊന്നു എന്ന വാർത്ത കാട്ടുതീ പോലെ പടർന്നു.

പോർച്ചുഗീസുകാരുടെ അടിച്ചമർത്തലിനും റോമൻ കത്തോലിക്കരുടെ ആത്മീയ അടിമത്വത്തിനും എതിരേ പ്രതികരിക്കുവാൻ തക്കം പാർത്തിരുന്ന മലങ്കര സഭാമക്കൾ ഈ വാർത്ത അറിഞ്ഞ് അന്നത്തെ മലങ്കരസഭാ തലവനായ തോമാ അർക്കദ്യാക്കോന്റെ നേതൃത്വത്തിൽ മട്ടാഞ്ചേരിയിൽ അണിനിരന്നു. മട്ടാഞ്ചേരിയിലെ പ്രസിദ്ധമായ കുരിശിൽ ആലാത്തു കെട്ടി അതിൽ പിടിച്ചുകൊണ്ട് "ഞങ്ങളും ഞങ്ങളുടെ സന്തതിപരമ്പരകളും റോമാസഭയുടെയും പാപ്പായുടെയും നുകത്തിൻ കീഴിൽ നിലനിൽക്കുകയില്ലായെന്ന് മലങ്കര സഭാമക്കൾ ഒന്നടങ്കം നടത്തിയ സ്വാതന്ത്ര്യ പ്രഖ്യാപനമാണ് വിശ്വപ്രസിദ്ധമായ കൂനൻ കുരിശു സത്യം. റോമിന്റെയും പറങ്കികളുടെയും അധീശത്വത്തിൽ നിന്നുള്ള മലങ്കര സഭാമക്കളുടെ സ്വാതന്ത്ര്യപ്രഖ്യാപനമായിരുന്നു ഇത്. 1653 ജനുവരി 3-നു നടന്ന ഈ ചരിത്ര സംഭവമാണ് വിദേശ മേൽക്കോയ്മയ്ക്ക് എതിരായി ഇൻഡ്യാ ചരിത്രത്തിൽ തന്നെ ആദ്യമായി നടത്തപ്പെട്ട സ്വാതന്ത്ര്യസമര പ്രഖ്യാപനം. ഭാരതത്തിലെ ആദ്യത്തെ സ്വാതന്ത്ര്യസമര പ്രഖ്യാപനം നടന്നിട്ട് 360 വർഷം പിന്നിടുകയാണ്. ഒപ്പം ഭാരതീയനായ ഒരാൾ മേൽപട്ടസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടതിന്റെയും.

കൂനൻകുരിശു സത്യത്തിലൂടെ രാജ്യത്തിന്റെ വിമോചനം പൂർണമായി സാധ്യമായില്ലായിരുന്നു എങ്കിലും മലങ്കര സഭയുടെ സ്വാതന്ത്ര്യവും, തനിമയും വീണ്ടെടുക്കുവാനും പോർച്ചുഗീസ് ഭരണത്തിന്റെ തായ്വേര് അറക്കുവാനും പര്യാപ്തമായിരുന്നു എന്നതിൽ സംശയമില്ല. മലങ്കര സഭാമക്കളിൽ 200 പേർ മാത്രം റോമൻ കത്തോലിക്കരുടെ പക്ഷത്ത് നിൽക്കുകയും ബഹുഭൂരിപക്ഷം ജനങ്ങളും മലങ്കര സഭയോട് ചേർന്നു നിൽക്കുകയും ചെയ്തു. എന്നാൽ റോമൻ കത്തോലിക്കാ മിഷനറിമാരുടെ പണവും, സ്വർണവും കാട്ടിയുള്ള പ്രലോഭനവും, ഭീഷണിയും അനവധി മലങ്കര സഭാമക്കളെ റോമൻ കത്തോലിക്കാ വിഭാഗത്തിലേക്ക് തിരികെ പോകുവാൻ നിർബന്ധിച്ചു. മാർ തോമായുടെ മാർഗം ഉപേക്ഷിച്ച് റോമൻ കത്തോലിക്കാ വിശ്വാസം സ്വീകരിച്ചവർ പഴയ കൂറുകാരെന്നും മാർ തോമായുടെ മാർഗത്തിൽ അടിയുറച്ച

നിന്ന മലങ്കരസഭാ മക്കൾ പുത്തൻ കൂറ്റുകാരെന്നും അറിയപ്പെട്ടുവാൻ തുടങ്ങിയത് ചരിത്രത്തിന്റെ വൈപരീത്യം.

മലങ്കര സഭയുടെ സ്വാതന്ത്ര്യം വീണ്ടെടുത്ത മലങ്കര സഭാ മക്കൾ 1653 മെയ് 22-ന ആലങ്ങാട് പള്ളിയിൽ ഒരു മലങ്കര മഹായോഗം കൂടി. യോഗ തീരുമാനം അനുസരിച്ച് സഭാ തലവനായിരുന്ന തോമാ അർക്കദ്യാക്കോനെ, ക്രൈസ്തവ സഭയുടെ പൌരാണികരീതി അനുസരിച്ച് 12 പട്ടക്കാർ ചേർന്ന് മാർ തോമാ ഒന്നാമൻ എന്ന പേരിൽ മെത്രാനായി അവരോധിക്കുകയും ചെയ്തു. ചരിത്ര രേഖകൾ അനുസരിച്ചുള്ള ഭാരതത്തിലെ ആദ്യത്തെ തദ്ദേശീയ മെത്രാനായിരുന്നു മാർ തോമാ ഒന്നാമൻ. അങ്ങനെയെങ്കിൽ ഭാരതത്തിലെ ആദ്യത്തെ തദ്ദേശീയ മെത്രാൻ സ്ഥാനാഭിഷേകത്തിന്റെ 360-ാം വാർഷികം കൂടിയാണ് 2013.
ഒന്നായിരുന്ന മലങ്കരസഭ ഇന്ന് പലതായി വിഭജിക്ക പ്പെട്ടിരിക്കുന്നു. പോർച്ചുഗീസുകാരുടെയും റോമൻ കത്തോലിക്കാ മിഷനറിമാരുടെയും കടന്നു വരവും അവരുടെ അക്രൈസ്തവമായ രീതികളും അതിനേ തുടർന്നുണ്ടായ സംഭവവികാസങ്ങളുമാണ് ഇത്തരത്തിലുള്ള വിഭജനങ്ങൾക്കും ഇന്നും തുടരുന്ന സ്പർദ്ധയ്ക്കും കാരണമായത് എന്ന കാര്യത്തിൽ സംശയമില്ല. ആധുനീക ലോകത്ത് അജമോഷണത്തിന്റെ പുതിയ രൂപങ്ങളും ഭാവങ്ങളും നമുക്ക് മുമ്പിൽ ഉയരുമ്പാൾ പൂർവ്വീകരുടെ പ്രതിജ്ഞ നമ്മുടെ ഉള്ളിൽ സഭാസ്നേഹത്തിന്റെ എരിയുന്ന കനലായി പ്രോജ്ജ്വലിക്കട്ടെ.

തയ്യാറാക്കിയത്:
ഫാ.സൈമൺ ജേക്കബ് മാത്യൂ
(വികാരി, സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി, വയ്യാറ്റുപുഴ)